**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3637** **27-06-2024 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവകലാശാലയിൽ അക്കാദമിക് കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവകലാശാലയിൽ നിലവിൽ അക്കാദമിക് കൗൺസിൽ ഉണ്ടോ; ഇല്ലെങ്കിൽ എന്നാണ് അക്കാദമിക് കൗൺസിലിന്റെ കാലാവധി കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ; | (എ) | **ഉണ്ട്** |
| (ബി) | റഗുലേഷനുകളിൽ വരുന്ന മാറ്റങ്ങൾ ഗസറ്റ് വിജ്ഞാപനം മുഖേന പ്രസിദ്ധീകരിക്കണമെന്ന് സർവകലാശാല ആക്ട് നിഷ്കർഷിക്കുന്നുണ്ടോ; | (ബി) | 2015 -ലെ എ പി ജെ അബ്ദുൽ കലാം ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റിയുടെ ആക്ട് 48 -ആം വകുപ്പ് പ്രകാരം ആക്ടിന്റെ കീഴിൽ ഉണ്ടാക്കുന്ന എല്ലാ റെഗുലേഷനുകളും സർവകലാശാല ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട് . |
| (സി) | സാങ്കേതിക സർവ്വകലാശാലയുടെ കോഴ്സുകളുമായി ബന്ധപ്പെട്ട റെഗുലേഷനുകൾ അംഗീകരിക്കേണ്ടതും മാറ്റങ്ങൾ വരുത്തേണ്ടതും അക്കാദമിക് കൗൺസിലിൽ നിക്ഷിപ്തമായിരിക്കെ, മുൻ സെമസ്റ്ററുകളിലെ ബി.ടെക് കോഴ്സുകൾ രജിസ്റ്റർ ചെയ്യാനായി അനുവദിക്കപ്പെട്ട ക്രെഡിറ്റിന്റെ പരമാവധി എന്നത് എട്ടിൽ നിന്നും പതിനഞ്ചാക്കി വർദ്ധിപ്പിക്കാൻ അക്കാദമിക് കൗൺസിലിന്റെ അഭാവത്തിൽ സർവകലാശാല തീരുമാനിച്ചത് ചട്ടവിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മുൻ സെമെസ്റ്ററുകളിൽ ബി. ടെക് കോഴ്സുകൾ രജിസ്റ്റർ ചെയ്യാനായി അനുവദിക്കപ്പെട്ട ക്രെഡിറ്റിന്റെ പരമാവധി 8 -ഇൽ നിന്നും 15 ആയി വർധിപ്പിക്കുവാൻ സർവകലാശാല തീരുമാനം എടുത്തിട്ടില്ല |
| (ഡി) | പ്രസ്തുത റെഗുലേഷനിലെ മാറ്റങ്ങൾ അക്കാദമിക് കൗൺസിൽ അംഗീകരിക്കാത്ത സാഹചര്യത്തിലും ഗസറ്റ് വിജ്ഞാപനം മുഖേന പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിലും അവയ്ക്ക് നിയമപരമായ നിലനിൽപ്പില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | മുൻ സെമെസ്റ്ററുകളിൽ ബി. ടെക് കോഴ്സുകൾ രജിസ്റ്റർ ചെയ്യാനായി അനുവദിക്കപ്പെട്ട ക്രെഡിറ്റിന്റെ പരമാവധി 8 -ഇൽ നിന്നും 15 ആയി വർധിപ്പിക്കുവാൻ സർവകലാശാല തീരുമാനം എടുത്തിട്ടില്ല |
| (ഇ) | സാങ്കേതിക സർവകലാശാല ആക്ടിലെ ഖണ്ഡിക 13 (7) പ്രകാരം വൈസ് ചാൻസലർ ഒഴിവ് പെട്ടെന്ന് നികത്താൻ കഴിയാത്ത സാഹചര്യത്തിൽ നടത്തുന്ന വൈസ് ചാൻസലർ നിയമനം പരമാവധി ആറുമാസക്കാലത്തേക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും, | (ഇ) | സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറെ നിയമിച്ചത് ചാൻസലർ ആയ ഗവർണർ ആണ്. |

| | | | |
|---|---|---|---|
| | 2023 മെയ് മാസത്തിന് ശേഷം വൈസ് ചാൻസലറുടെ അധികാരം ഉപയോഗിച്ച് സാങ്കേതിക സർവകലാശാലയിൽ ഇറക്കിയ ഉത്തരവുകളും റെഗുലേഷനുകളും നിയമപരമായി അംഗീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലും, പ്രസ്തുത ബി.ടെക് റെഗുലേഷനിലെ മാറ്റങ്ങൾക്ക് സാധുത ഉണ്ടാകില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധുത ഉണ്ടാകില്ലെങ്കിൽ നിലവിൽ വൈസ് ചാൻസലറുടെ അധികാരം ഉപയോഗിക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; | | |
| (എഫ്) | പ്രസ്തുത ബി.ടെക് റെഗുലേഷനിലെ പരമാവധി രജിസ്റ്റർ ചെയ്യാവുന്ന ക്രെഡിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സർവ്വകലാശാലയിൽ ലഭിച്ച നിവേദനങ്ങളുടെയും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് സർവകലാശാല പരിശോധിച്ച് വരികയാണ് |

സെക്ഷൻ ഓഫീസർ